കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടം പണി കഴിപ്പിക്കുന്നതിനായി സ്വകാര്യ ഭൂമി പൊന്നും വിലക്ക് എടുക്കുന്നതിന് ഉത്തരവാകുകയും, ഉടൻതന്നെ വേണ്ട മേൽനടപടി സ്വീകരിക്കുന്നതിന് അതാതു കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

അവശേഷിക്കുന്ന ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഈ ആവശ്യത്തിലേക്ക് റവന്യൂ, പി. ഡബ്ളിയു. ഡി. എന്നീ വകുപ്പുകളുടെ കീഴിലുള്ള ഭൂമി വ്യവസായ വകുപ്പിലേക്ക് കൈമാറുന്ന കാര്യം റവന്യൂ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ ജോലികളും ത്വരിത ഗതിയിൽ ചെയ്തു തീർക്കുന്നതിനും, ഇൻസ്റ്റിറ്റ്യൂഷനൽ ഫിനാൻസ് ലഭ്യമാക്കുന്നതിനും മറ്റുമായി കെട്ടിട നിർമ്മാണത്തിന്റെ ചുമതല സിഡ്കോയെ ഏൽപ്പിക്കുന്ന കാര്യവും ഗവൺമെന്റു പരിഗണിച്ചുവരുന്നു.

കായിക വിനോദങ്ങൾ

* 211 [226] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്തിൽ 'ആധുനികമോ' 'ദേശീയമോ' ആയ കായിക വിനോദങ്ങൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തിലെ പ്രൈമറി തലം മുതൽ ബിരുദാനന്തര കോഴ്സുകൾവരെയുള്ള സ്ഥാപനങ്ങളിൽ വിപുലമായ തോതിൽ കായിക വിനോദങ്ങൾ പ്രചരിപ്പിക്കുന്നതിനായി സർക്കാർ ഏതെങ്കിലും കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ മേശമേൽ വയ്ക്കുമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഉണ്ട്.

(ബി) നിലവിലുള്ള സാമ്പത്തിക പരിധിയിൽനിന്നുകൊണ്ട് നടപ്പാക്കാവുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്†.

ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയയ്ക്കുന്ന പണം

*212 [227] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയക്കുന്ന സംഖ്യകൾ സ്വരൂപിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

1-3-1979-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 211 [226] കാണുക

പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ രംഗത്ത് കായികവിനോദങ്ങളുടെ പ്രചാരം മുൻപത്തേക്കാളുപരി വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. പത്താംക്ലാസ് ഒഴികെയുള്ള എല്ലാ ക്ലാസ്സുകളിലും കായിക വിദ്യാഭ്യാസം നിർബന്ധമായി നടത്തുന്നുണ്ട്. അതുകൂടാതെ അദ്ധ്യാപകർക്കായി ആധുനിക കായിക വിനോദത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഉതകുമാറ് പരിശീലന ക്യാമ്പുകളും നടത്തുന്നുണ്ട്. സ്പോർട്സിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കായി മദ്ധ്യവേനലവധിക്കാലത്ത് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്, നാഷനൽ മൽസരങ്ങളിൽ പങ്കെടുക്കുവാൻ സാദ്ധ്യതയുള്ള വിദ്യാർത്ഥികൾക്കായി വിദഗ്ദ്ധപരിശീലന ക്യാമ്പുകളും നടത്തുന്നുണ്ട്.

സ്കൂൾതലത്തിലും ജില്ലാ തലത്തിലും സ്റേറ്റ് തലത്തിലും ഫുട്ബാൾ, വോളിബാൾ, ബാസ്ക്കറ്റ്ബാൾ, ബാൾ/ഷട്ടിൽ ബാഡ്മിൻറൺ, ക്രിക്കറ്റ്, ഹോക്കി, ഖോ-ഖോ കബഡി എന്നീ വിനോദങ്ങളിൽ മൽസരങ്ങൾ നടത്തുന്നുണ്ട്. ഇത്തരം ക്രമമായ മൽസരങ്ങൾമൂലം വിദ്യാർത്ഥികളുടെ ഇടയിൽ വിനോദങ്ങളിലുള്ള നിലവാരം വളരെയധികം മെച്ചപ്പെടുത്താൻ കഴിയുന്നു. ഇവയ്ക്കെല്ലാംവേണ്ടി ഗവൺമെൻറ് പ്രതിവർഷം രണ്ടരലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്.

ഇവകൂടാതെ കായികവിനോദങ്ങളിൽ പ്രത്യേകം പ്രാഗൽഭ്യമുള്ള വിദ്യാർത്ഥികൾക്കായി സ്പോർട്സ് സ്കൂളും 3 സ്പോർട്സ് ഹോസ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ടി സ്പോർട്സ് സ്കൂളിലും ഹോസ്റലുകളിലും സൗജന്യ താമസ സൗകര്യവും ഭക്ഷണത്തിനും പുറമേ, പ്രത്യേക യോഗ്യതയുള്ള പരിശീലകരെക്കൊണ്ട് വിദഗ്ദ്ധപരിശീലനവും നൽകുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ എല്ലാം ഫലമായി കേരളത്തിലെ സ്കൂൾ കുട്ടികൾ അഖിലേന്ത്യാ മൽസരങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നതിനു പുറമേ പ്രശംസാർഹമായ നിലയിൽ സമ്മാനങ്ങൾ നേടി കേരളത്തിന് കായിക വിനോദരംഗത്ത് മുൻപന്തിയിൽത്തന്നെ സ്ഥാനം നേടിക്കൊടുത്തു എന്നുള്ളത് വസ്തുതയാണ്. ഇക്കഴിഞ്ഞ 1977-ലെയും 1978ലെയും നാഷണൽ സ്കൂൾ മൽസരങ്ങളിൽ കേരളത്തിലെ സ്കൂൾ കുട്ടികൾ അഖിലേന്ത്യാ ചാമ്പ്യൻഷിപ്പ് നേടി എന്നുള്ളത് ഇതിന് ഉത്തമോദാഹരണമാണ്. വോളിബാൾ, ബാസ്ക്കറ്റ്ബാൾ, എന്നിവയിൽ കേരളത്തിലെ പെൺകുട്ടികൾ രണ്ടാം സ്ഥാനവും ഷട്ടിൽ ബാഡ്മിൻറനിൽ മൂന്നാം സ്ഥാനവും നേടുകയുണ്ടായി.

കോളേജ് വിദ്യാർത്ഥികൾക്കും കായികപരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ട്. കോഴിക്കോട്ടുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് അടുത്തകൊല്ലം വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly